കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ്- നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി - 2010- 11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നേരിട്ട് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയും ചട്ടങ്ങൾ അംഗീകരിച്ചും ധനസഹായം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (ബി) വകുപ്പ്

സ.ഉ(കൈ) നം.66/2011/സഹ — തീയതി, തിരുവനന്തപുരം,28.03.2011

---

പരാമർശം :- 1) 09.12.2009 ലെ സ.ഉ(സാധാ)2040/09/എ.ഡി നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 29.07.2010 ലെ സിജി(1)37210/10 നമ്പർ കത്ത്.

3) 22.03.2011 ലെ സഹകരണ വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്തെ കർഷകർക്ക് നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം കൃഷി വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് മുഖേന നേരിട്ട് പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ആയതിലേയ്ക്കായി 2425-107-80 എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 200 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽ കർഷകരെ സഹായിക്കുന്നതിനുള്ള പലിശ രഹിത വായ്പാ പദ്ധതിയുടെ പലിശ സബ്സിഡി നല്കുന്നതിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

2. കഴിഞ്ഞ സാമ്പത്തിക വർഷം വരെ കൃഷി വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിരുന്ന പലിശ രഹിത വായ്പാ പദ്ധതിക്കായുള്ള വിഹിതം 2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നേരിട്ട് നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അനുവദിച്ചുനൽകണമെന്നും പദ്ധതി നടപ്പാക്കുന്നതിനായുള്ള ചട്ടങ്ങൾ അംഗീകരിച്ചു നൽകണമെന്നും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും സഹകരണസംഘം രജിസ്ട്രാർ പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

3. 22.03.2011 ൽ കൂടിയ സഹകരണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ടി പദ്ധതികൾ [illegible]

[illegible]

[illegible] 2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്തെ നെൽ കർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടും, 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2425-107-80 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 100 ലക്ഷം രൂപ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിനുള്ള പലിശ സബ്സിഡിക്കായി ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ചട്ടങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

5. വായ്പ അനുവദിക്കുന്നതിന് മുമ്പ് നെൽകൃഷിക്കുവേണ്ടിയാണ് പൂർണ്ണമായും തുക വിനിയോഗിക്കുന്നതെന്നുള്ള പഞ്ചായത്തിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.

6. സഹകരണ സംഘം രജിസ്ട്രാർ തുക പിൻവലിച്ച് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ റ്റി.പി.അക്കൗണ്ട് നം. 637 ൽ നിക്ഷേപിക്കേണ്ടതും കേരളാ നിയമസഭയിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2011 ന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രം ടി തുക വിനിയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.വിജയകുമാർ**

**അഡീഷണൽ** സെക്രട്ടറി

സഹകരണ വകുപ്പ് സെക്രട്ടറി (i/c)

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തിരുവനന്തപുരം

അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് ( 10.01.2011 ലെ 17750/എ 1/10/പ്ലാനിംഗ് നമ്പർ ഫയലിലെ അഭിപ്രായ പ്രകാരം )

കൃഷി വകുപ്പ്

ധനകാര്യ വകുപ്പ് ( Vide U.O.No.83097/AW.C1/0/Fin dated 23.11.2010)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## പലിശ രഹിത വായ്പാ പദ്ധതി

**ആമുഖം :**

പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം നെൽകൃഷിക്ക് ഓരോ വിളയ്ക്കും 25,000/-രൂപവരെ 6 മാസത്തെ കാലാവധിക്ക് 2007-2008 വർഷത്തിൽ ആരംഭിച്ച പലിശ രഹിത വായ്പാ പദ്ധതി 2008-2009 വർഷത്തിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ വ്യാപിപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി 06.08.2008 മുതൽ സംസ്ഥാനത്തൊട്ടാകെ ബാധകമാക്കുകയുണ്ടായി. 2009-2010 വർഷത്തിൽ പദ്ധതി പരിഷ്ക്കരിച്ച് പ്രത്യേക പരിധിയോ പലിശനിരക്കോ ബാധകമാക്കാതെ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയുണ്ടായി. 2010-2011 വർഷം മുതൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ സഹകരണ വകുപ്പ് മുഖേന പദ്ധതി നേരിട്ട് നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പദ്ധതിയുടെ ലക്ഷ്യം**

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽകർഷകരെ തിരികെ നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലുള്ള നെൽ കൃഷിമേഖല സംരക്ഷിച്ച് സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യത്തോടെ നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നു. ആയതിനായി നെൽകർഷകർക്ക് നെൽകൃഷിക്കായി യഥാസമയം പലിശയില്ലാതെ ചെലവു കുറഞ്ഞ രീതിയിൽ വായ്പ ലഭ്യമാക്കുകയും, നെൽകൃഷി ലാഭകരമാക്കി നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. നെൽകർഷകർ നെൽകൃഷിക്കായി സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പയുടെ പലിശബാദ്ധ്യത സർക്കാർ വഹിക്കു ന്നതിലൂടെ കർഷകർക്ക് വായ്പാ തിരിച്ചടവ് സുഗമമാകുകയും ഇതിലൂടെ വായ്പാ വിതരണ ഏജൻസികളായ സഹകരണ സംഘങ്ങൾ/ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും മതിയായ തോതിൽ കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**നിബന്ധനകൾ :**

- സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.
- ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് നെൽകൃഷിക്ക് വായ്പ അനുവദിക്കുന്നത്.
- വായ്പാ കാലാവധി ഒരു വിളക്ക് പരമാവധി 180 ദിവസങ്ങൾ ആയിരിക്കുന്നതാണ്.
- വായ്പാപരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കുന്നതാണ്.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വ കാല കാർഷിക. വിള വായ്പകൾക്ക് കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന പലിശനിരക്ക് പദ്ധതിയ്ക്ക് ബാധകമായിരിക്കും. ഇപ്പോൾ ഇത് 7% ആയി നിജപ്പെടുത്തിയിരിക്കുന്നു. നിഷ്കർഷിച്ചിട്ടുള്ള പലിശ നിരക്കിൽ നെൽകർഷ കർക്ക് നെൽകൃഷിക്കായിനൽകുന്ന വായ്പയുടെ പലിശബാദ്ധ്യത സർക്കാർവഹിക്കുന്നു.
- വായ്പയുടെ മുതൽ വായ്പാകാലാവധിക്കകം കർഷകർ തന്നെ തിരിച്ചടക്കേണ്ടതാണ്.
- കർഷകർ എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടപ്പിക്കുന്നതിനും, അർഹരായ കർഷകർക്ക് വായ്പ പുതുക്കി നൽകുന്നതിനും, വീണ്ടും വായ്പ നൽകുന്നതിനും ആവശ്യമായ നടപടികൾ അതാതു സഹകരണസംഘങ്ങൾ/ബാങ്കുകൾ തന്നെ കൈക്കൊള്ളേണ്ടതാണ്.
- വായ്പാതുക നെൽകൃഷിക്കുപയോഗിക്കാതെ വകമാറ്റി ഉപയോഗിക്കുകയോ, മറ്റ് വിളക ളുടെകൃഷിക്കായി എടുക്കുകയോചെയ്തതായി ബോദ്ധ്യപ്പെട്ടാൽ ദുരുപയോഗം ചെയ്യുന്ന വായ്പക്കാരനിൽനിന്നും കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ വായ്പയുടെ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.
- വായ്പാ കാലാവധിക്കു ശേഷമുള്ള പലിശ ഈ പദ്ധതി പ്രകാരം ക്ലെയിം ചെയ്യാൻ പാടുള്ളതല്ല.
- ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ നെൽകൃഷി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യുന്ന തിനുള്ള നടപടികൾ വായ്പ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്.
- ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന വായ്പയുടെ വായ്പാകാലാവധിവരെയുള്ള പലിശ കർഷകരിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല. ഇതിനായുള്ള ക്ലെയിം അതാതു സംഘങ്ങൾ/ ബാങ്കുകൾ യഥാസമയം സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് സംഘം/ബാങ്ക് ഭരണ സമിതി ഉറപ്പുവരുത്തേ ണ്ടതാണ്. യഥാസമയം ക്ലെയിം സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റാത്തതു മൂലമുണ്ടാകുന്ന നഷ്ടത്തിന് അതാതു സംഘം/ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവും, ഭരണ സമിതിയും ഉത്തരവാദിയായിരിക്കുന്നതാണ്.
- പലിശരഹിത വായ്പാപദ്ധതിപ്രകാരം ഓരോ വിളക്കും വായ്പ എടുക്കുന്ന കർഷകരുടെ വിശദ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സംഘം/ബാങ്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഹ്രസ്വകാല കാർഷിക വിളവായ്പകൾ/കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകൾ കാർഷിക വായ്പ നൽകുമ്പോൾ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ തന്നെ ഇക്കാര്യത്തിലും സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ സാധാരണ നൽകുന്ന അനുപാതത്തിലും, പലിശ നിരക്കിലും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പാ വിതരണത്തിനുള്ളവായ്പാപരിധി അനുവദിക്കേണ്ടതും സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകിയിട്ടുള്ള പലിശ മാർജിൻ സംസ്ഥാന/ജില്ലാസഹകരണ ബാങ്കുകൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഈടാക്കാവുന്നതുമാണ്.

- ഓരോ സീസൺകഴിയുമ്പോഴും സഹകരണ സംഘങ്ങൾ/ബാങ്കുകൾ ക്ലെയിം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്ക് സമർപ്പിക്കേണ്ടതാണ്. ക്ലെയിമിനോടൊപ്പം വായ്പ നെൽകൃഷിക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്ന സംഘം പ്രസിഡന്റ്/ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം കൂടി സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ ആവശ്യമായ പരിശോധനകൾക്കുശേഷം സർക്കിൾ/താലൂക്ക് തലത്തിലുള്ള ക്രോഡീകരിച്ച ക്ലെയിം സ്റ്റേറ്റ്മെന്റ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയുടെ ക്ലെയിം ശുപാർശയോടുകൂടി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അർഹമായതുക അതാത് ജില്ലകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിക്കുന്ന മുറയ്ക്ക് സംഘങ്ങൾ/ബാങ്കുകൾക്ക് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ നൽകേണ്ടതാണ്.

പദ്ധതി നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ 2425-107-80 എന്ന ശീർഷകത്തിൽ വകയിരുത്തി സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ചു നൽകി വിനിയോഗിക്കുന്നതാണ്.

പലിശരഹിത വായ്പക്കുള്ള അപേക്ഷ ഫോറം വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, അഗ്രികൾച്ചറൽ ആഫീസറുടെ സർട്ടിഫിക്കറ്റ്, ക്ലെയിം സമർപ്പിക്കുന്നതിനുള്ള പ്രൊഫോർമ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൃഷി വകുപ്പിന്റെ കൂടി സഹകരണത്തോടെ പദ്ധതി നടപ്പാക്കാവുന്നതും, പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സംഘം തലത്തിൽ കൃഷി ആഫീസർ, സംഘം/ബാങ്ക് ഭരണ സമിതി അംഗങ്ങൾ, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള വകുപ്പ്തല നടപടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സ്വീകരിക്കേണ്ടതാണ്.

.....................................................................................സർവ്വീസ് സഹകരണ ബാങ്ക്,

ക്ലിപ്തം നമ്പർ.....................................

..........................................................................

## പലിശ രഹിത നെൽകൃഷി വായ്പയ്ക്കുള്ള അപേക്ഷ ഫോറം

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും അംഗനമ്പരും | |
| 2 | മേൽവിലാസം | |
| 3 | വായ്പയുടെ ആവശ്യം | |
| 4 | ആവശ്യപ്പെടുന്ന തുക | |
| 5 | കൃഷി സ്ഥലം സംബന്ധിച്ച വിവരം | |
| 6 | അവകാശിയുടെ പേരും മേൽവിലാസവും അപേക്ഷകനുമായുള്ള ബന്ധവും | |
| 7 | ജാമ്യക്കാരുടെ പേരും അംഗനമ്പരും മേൽവിലാസവും | 1)<br><br>2) |

### പ്രതിജ്ഞ

.....................................................ആയ ഞാൻ മേൽപ്പറഞ്ഞ പ്രകാരമുള്ള സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിലേക്കാണ് വായ്പയ്ക്ക് അപേക്ഷിക്കുന്നതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. പലിശരഹിത നെൽകൃഷി വായ്പാ പദ്ധതി പ്രകാരം അനുവദിക്കുന്ന മേൽ വായ്പ സംഖ്യ പദ്ധതി പ്രകാരമുള്ള നിബന്ധനകളും, ബാങ്ക് കാലാകാലങ്ങളിൽ നിബന്ധനകളിൽ വരുത്തുന്ന മാറ്റങ്ങളും അംഗീകരിക്കുകയും ടി വായ്പ സംഖ്യ കാലാവധിയായ ആറു മാസത്തിനകം തിരിച്ചടച്ചുകൊള്ളാവുന്നതും, പദ്ധതിയിൽ പറഞ്ഞിരിക്കുന്ന നെൽകൃഷിക്ക് വേണ്ടി മാത്രം ടി വായ്പ സംഖ്യ വിനിയോഗിക്കുന്നതാണെന്നും അല്ലാത്ത പക്ഷം ടി വായ്പയ്ക്ക് സംഘം നിശ്ചയിക്കുന്ന സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷികേതര വായ്പയുടെ ഉയർന്ന പലിശനിരക്കിൽ എന്നിൽ നിന്ന് ഈടാക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

ഒപ്പ്

തീയതി :

പേര്,

പലിശരഹിത നെൽകൃഷി വായ്പ പദ്ധതി പ്രകാരം ശ്രീ...................................................................വാങ്ങുന്ന ...................... രൂപയുടെ പലിശരഹിത നെൽകൃഷി വായ്പയ്ക്ക് ജാമ്യം നിൽക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ടി വായ്പ യഥാസമയം അടച്ചുതീർക്കുന്നതിന് വീഴ്ചവരുത്തുന്ന പക്ഷം ആയതിന്റെ മുഴുവൻ സംഖ്യയും ബാങ്ക്, നിശ്ചയിക്കുന്ന പലിശയും തിരിച്ചടയ്ക്കുന്നതിന് ഞങ്ങൾ ഒറ്റയ്ക്കും കൂട്ടായും ബാദ്ധ്യസ്ഥരാണെന്നും ഇതിനാൽ ബോധിപ്പിച്ചിരിക്കുന്നു.

ജാമ്യക്കാരൻ.

| ക്ര. നം. | പേര് | അംഗ നമ്പർ | ഒപ്പ്/- |
|---|---|---|---|
| 1) | | | |
| 2) | | | |

## വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്

നമ്പർ.

വില്ലേജ് ആഫീസ്

തീയതി :

.......................................................ജില്ലയിൽ........................................താലൂക്കിൽ........................................ വില്ലേജിൽ താമസം ശ്രീ/ശ്രീമതി........................................................................................എന്ന വ്യക്തിയ്ക്ക് ........................... താലൂക്കിൽ ..................................................................വില്ലേജിൽ ..................സർവ്വേ നമ്പറിൽ ..........................ഏക്കർ ........................................സെന്റ് സ്ഥലം നെൽകൃഷി ചെയ്യുന്നതിന് സ്വന്തമായി കൈവശമുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

വില്ലേജ് ആഫീസർ

(ഒപ്പും, സീലും)

## അഗ്രികൾച്ചറൽ ആഫീസറുടെ സർട്ടിഫിക്കറ്റ്

നമ്പർ.

കൃഷി ഭവൻ :

പഞ്ചായത്ത്

........................................... താലൂക്കിൽ ...........................................................പഞ്ചായത്തിൽ താമസിക്കും ശ്രീ.......................................................................................................................................... ....................................................... .................. (പേരും മേൽവിലാസവും) എന്ന വ്യക്തി ടിയാന്റെ/ടിയാൻമാരുടെ കൈവശമുള്ള ...............................ഏക്കർ ............................... സെന്റ് സ്ഥലത്ത് നെൽകൃഷിയാണ് ചെയ്യുന്നതെന്ന് എനിക്ക് നേരിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നെൽ കൃഷിയ്ക്ക് പലിശരഹിത വായ്പ അനുവദിക്കാവുന്നതാണെന്ന് ഇതിനാൽ ശുപാർശ ചെയ്തു കൊള്ളുന്നു.

സ്ഥലം :

തീയതി :

അഗ്രികൾച്ചറൽ ഓഫീസർ

(ഒപ്പും, സീലും)

1. അപേക്ഷകന്റെ മുൻ കടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

2. ജാമ്യക്കാരുടെ മുൻകടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

3 സെക്രട്ടറിയുടെ ശുപാർശ

സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്

ഭരണ സമിതി തീരുമാനം നമ്പർ തീയതി :

അനുവദിച്ച സംഖ്യ (1) ഒന്നാം വിള ..............................................രൂപ

(2) രണ്ടാം വള ..............................................രൂപ

പ്രസിഡന്റ്.

## വായ്പാ സംഘം/ബാങ്ക് സമർപ്പിക്കേണ്ട ക്ലെയിം ഫോറം.

1. സംഘത്തിന്റെ പേര് :
2. വായ്പ എടുത്ത കർഷകരുടെ എണ്ണം :
3. വിള, സീസൺ, വർഷം :
4. ആകെ വിതരണം ചെയ്ത വായ്പ തുക :
5. അർഹതപ്പെട്ട പലിശ (രൂപ) :

| ക്രമ നം. | വായ്പക്കാരന്റെ പേര് | വായ്പ തുക | നൽകിയ തീയതി | പലിശ നിരക്ക് | അർഹതപ്പെട്ട പലിശ (രൂപ) |
|---|---|---|---|---|---|
| | | | | | |
| | | ആകെ | | | |

ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറി

അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ)

സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട ക്ലെയിം ഫോറം

| ക്ര. നം. | പ്രാഥമിക സഹകരണ ബാങ്കിന്റെ പേര് | വായ്പ എടുത്ത കർഷകരുടെ എണ്ണം | വിള സീസൺ വർഷം | വായ്പ തുക | അർഹതപ്പെട്ട പലിശ (രൂപ) |
|---|---|---|---|---|---|
| | | | | | |
| | | ആകെ | | | |

അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ)